LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിച്ചെലവിനായി നീക്കിവെച്ച തുക

156 (222) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതിച്ചെലവിനായി 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ ഓരോ വർഷവും നീക്കിവച്ച മൊത്തം തുക എത്ര വീതമായിരുന്നു എന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര, എത്ര ശതമാനം തുക ഓരോ വർഷവും ചെലവഴിച്ചു ; അതുമൂലമുണ്ടായ നേട്ടം സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) വാർഷിക പദ്ധതികളിൽ പദ്ധതിച്ചെലവിനായി വകയിരുത്തിയ വിഹിതം താഴെപ്പറയും പ്രകാരമാണ്.

(തുക കോടിയിൽ)

2006-07	-	7534.77
2007-08	-	7964.03
2008-09	-	8641.14
2009-10	-	9811.90
2010-11	-	1280.86

ഇതിൽ സംസ്ഥാന വൈദ്യുതിബോർഡിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിഹിതവും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതവും ഉൾപ്പെടുന്നു.

(ബി)

2006-07	-	5326.95	71%
2007-08	-	6488.39	81%
2008-09	-	8042.17	93%
2009-10	-	9390.59	96%
2010-11	-	3394.80*	30%

കൃഷി, വ്യവസായം, വിവര സാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്, വികസനോന്മുഖതയിൽ ഊന്നിക്കൊണ്ടുള്ള പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കിയതുകൊണ്ടാണ് നഷ്ടത്തിലായിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിന്റെ പാതയിലേക്ക് വന്നതും വിവരസാങ്കേതിക

*(താൽക്കാലിക കണക്ക് പ്രകാരം 2010 ഒക്ടോബർ വരെയുള്ള ചെലവ്)

മേഖലയിൽ കൈവരിച്ച വൻനേട്ടവും എടുത്തു പറയേണ്ടതുണ്ട്. മൂലധന ചെലവിലുണ്ടായ വർദ്ധനവ്, വർദ്ധിച്ച അടിസ്ഥാന സൗകര്യ വികസനത്തിന് കാരണമായിട്ടുണ്ട്.

കേരള സർക്കാരിന്റെ പൊതുകടം

157 (223) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ഇപ്പോഴത്തെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുകടത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ ; ഓരോ വർഷത്തേയും കണക്കുകൾ പ്രത്യേകം വ്യക്തമാക്കുമോ ;

(സി) പൊതുകടം തിരിച്ചടയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ കടം തിരിച്ചടച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2010-11 ഒക്ടോബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത 71748.50 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2005-06-ലെ കടബാദ്ധ്യത (പി.എഫ് ട്രഷറി നിക്ഷേപം ഉൾപ്പെടെ) 45929.05 കോടി രൂപയായിരുന്നു. ഇത് 25819.45 കോടി വർദ്ധിച്ച് 2010 ഒക്ടോബർ വരെ 71748.5 കോടി രൂപയായിട്ടുണ്ട്. ഓരോ വർഷത്തെയും വർദ്ധനവ് താഴെ ചേർക്കുന്നു.

(രൂപ കോടിയിൽ)

	ആകെ കടം	വർദ്ധന
2005-06	45929.05	—
2006-07	49875.20	3946.14
2007-08	55409.57	5534.38
2008-09	63269.68	7860.11
2009-10	70969.43 (പ്രാഥമിക കണക്ക് പ്രകാരം)	7699.75
2010-11 ഒക്ടോബർ വരെ	71748.50 (പ്രാഥമിക കണക്ക് പ്രകാരം)	779.07
	ആകെ	25819.45

LIBRARY ARCHIVES Kerala Legislative Assembly